**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ സ്വന്തമായി വീട്, സ്ഥലം എന്നിവ ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | അത്തരം കുടുംബങ്ങൾക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായവും ഭൂരഹിത ഭവനരഹിതർക്ക് ഭൂമി ആർജിക്കുന്നതിനും ഭവന നിർമ്മാണത്തിനുമുള്ള ധന സഹായവും അനുവദിച്ച് വരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് വരുന്നു.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കണ്ടെത്തിയ ഭൂമി കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരായ 2 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും മാറി താമസിക്കാൻ അവർ തയ്യാറല്ലാത്തതിനാൽ ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

<table>
<tr><th rowspan="2">തദ്ദേശ സ്ഥാപനം</th><th colspan="2">പട്ടികജാതി കുടുംബങ്ങൾ</th><th colspan="2">പട്ടികവർഗ്ഗ കുടുംബങ്ങൾ</th></tr>
<tr><th>ഭൂമിയുള്ള ഭവനരഹിതർ</th><th>ഭൂരഹിത ഭവനരഹിതർ</th><th>ഭൂമിയുള്ള ഭവനരഹിതർ</th><th>ഭൂരഹിത ഭവനരഹിതർ</th></tr>
<tr><td>അമ്പലപ്പാറ</td><td>285</td><td>111</td><td rowspan="9">ഭൂമിയുള്ള ഭവനരഹിതർ ഇല്ല</td><td>-</td></tr>
<tr><td>കടമ്പഴിപ്പുറം</td><td>153</td><td>56</td><td>-</td></tr>
<tr><td>കരിമ്പുഴ</td><td>161</td><td>47</td><td>2</td></tr>
<tr><td>ലക്കിടിപേരൂർ</td><td>12</td><td>67</td><td>-</td></tr>
<tr><td>ഒറ്റപ്പാലം മുനിസിപ്പാലിറ്റി</td><td>70</td><td>137</td><td>-</td></tr>
<tr><td>പൂക്കോട്ടുക്കാവ്</td><td>75</td><td>8</td><td>-</td></tr>
<tr><td>ശ്രീകൃഷ്ണപുരം</td><td>130</td><td>35</td><td>-</td></tr>
<tr><td>തച്ചനാട്ടുകര</td><td>85</td><td>43</td><td>-</td></tr>
<tr><td>ആകെ</td><td>971</td><td>504</td><td>2</td></tr>
</table>